**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2533** **21-01-2021 - ൽ മറുപടിയ്ക്ക്**

**ഊർജ്ജ സംരക്ഷണപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ ഊർജ്ജ സംരക്ഷണത്തിനായി ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; | (എ) | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യുന്ന ഡെല്പ് (ഡൊമസ്റ്റിക്ക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) പദ്ധതി പ്രകാരം ഇതിനോടകംതന്നെ 1.35 കോടിയിൽ പരം എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്തു കഴിഞ്ഞു. ഫിലമെന്റ് രഹിത കേരളം പദ്ധതി ഇ.എം.സി യും, കെ.എസ്. ഇ.ബി യും സംയുക്തമായാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയിലൂടെ കേരളത്തിലെ ഗാർഹിക ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മ കൂടിയ 9 വാട്ട്സിന്റെ എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. ഒരു ഗാർഹിക ഉപഭോക്താവിന് 20 ബൾബുകൾ വരെ നൽകുന്നതിന് ലക്ഷ്യമിടുന്നു. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 07.01.2021 ന് ബഹു: മുഖ്യമന്ത്രി നിർവ്വഹിച്ചു. ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി ഒരു കോടി LED ബൾബുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുകൾ വഴി ബൾബുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി ഇടുക്കി ജില്ലയിലെ രാജകുമാരി, രാജക്കാട്, അടിമാലി എന്നീ ഇലക്ട്രിക് സെക്ഷനുകളിലെ ട്രാൻസ്ഫോർമറുകളുടെ നവീകരണവും തിരൂർ ഇലക്ട്രിക് സർക്കിളിന്റെ കീഴിലുള്ള 20 ട്രാൻസ്ഫോർമറുകളുടെ നവീകരണവും പൂർത്തീകരിച്ചു. തൃശ്ശൂർ ജില്ലയിലെ 60 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും കണ്ണൂർ, ആലപ്പുഴ എന്നീ ഇലക്ട്രിക് സർക്കിളുകളുടെ കീഴിൽ 20 ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ വീതവും നവീകരിക്കുന്ന പദ്ധതി പുരോഗമിച്ചു വരുന്നു. വൈദ്യുതി വിതരണ നഷ്ടം |

കുറയ്ക്കുന്നതിനായി നടപ്പിലാക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്) പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ വിജയകരമായി തിരുവനന്തപുരം ജില്ലയിൽ പേയാട് ഇലക്ട്രിക്കൽ സെക്ഷനിൽ നടപ്പിലാക്കിയിരുന്നു. ഇതിലൂടെ വൈദ്യുതി തടസ്സവും അപകടങ്ങളും നല്ലൊരളവ് വരെ ഒഴിവാക്കുവാൻ കഴിയുന്നുണ്ട്. പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട, കോന്നി ഇലക്ട്രിക്ക് സെക്ഷനുകളിൽ എച്ച്.വി.ഡി.എസ് പദ്ധതി നടപ്പിലാക്കി. കൂടാതെ 2018-19 ലെ 40 ലക്ഷം രൂപയുടെ സർക്കാർ ഫണ്ട് വിനി യോഗിച്ച് തിരൂർ 15 കെവിഎ യുടെ 20 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻസിസ്റ്റം (എച്ച്.വി. ഡി.എസ്) പദ്ധതിയുടെ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ സുൽത്താൻപേട്ട ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ 40 ലക്ഷം രൂപയുടെ എച്ച്.വി.ഡി.എസ് പദ്ധതിയുടെ പ്രവർത്തനങ്ങളും ഹരിപ്പാട് ഇലക്ട്രിക്കൽ സർക്കിളിനു പരിധിയിൽ 46 ലക്ഷം രൂപയുടെ എച്ച്.വി. ഡി. എസ് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു. ഊർജ്ജക്ഷമതയില്ലാത്ത പമ്പിംഗ്സമ്പ്രദായം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പിംഗ്സമ്പ്രദായം സ്ഥാപിച്ച് പ്രദേശവാസികൾക്ക് വെള്ളം പമ്പ് ചെയ്തു നൽകുന്ന ഈരാറ്റുപേട്ടയിലെ പദ്ധതി പൂർത്തീകരിച്ചു. എടപ്പോൺ 220 KV സബ്സ്റ്റേഷനിൽ ഊർജ്ജ ഓഡിറ്റിന്റെ ഭാഗ മായുള്ള ജോലികൾ പൂർത്തീകരിച്ചു. ഊർജ്ജ നഷ്ടം കുറച്ചു വൈദ്യുതി ആവശ്യകത കുറയ്ക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളാണ് ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ട ദ്യുതി, ട്രാൻസ്ഗ്രിഡ്, ഫിലമെന്റ് ഫ്രീ കേരള എന്നിവ. കേരളത്തിലുടനീളം എല്ലാ ഗ്രാമപഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങ ളിൽ നിലവിലുള്ള ഊർജ്ജക്ഷമത കുറഞ്ഞ തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമത കൂടിയതും ദീർഘകാലം നിലനിൽക്കുന്നതുമായ LED തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന 'നിലാവ്' പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പുതിയതായി നിർമ്മിക്കുന്ന വാണിജ്യ കെട്ടിടങ്ങളിൽ 120 kW ന് മുകളിൽ വൈദ്യുതി ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ഊർജ്ജസംരക്ഷണ നിയമപ്രകാരം എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2017 മുതൽ ഇത് കേരള സംസ്ഥാന കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിട്ടുണ്ട്. 150-നു മുകളിൽ വരുന്ന എഞ്ചിനീയർമാർക്ക് ECBC മാനദണ്ഡങ്ങളനുസരിച്ച് കെട്ടിടം ഡിസൈൻ ചെയ്യുന്നതിനുള്ള കമ്പ്യൂട്ടർ സിമുലേഷനിലും സാങ്കേതിക വിദ്യയിലും Hands on training കൂടി നൽകുകയും, ഇതിന്റെ ഭാഗമായി ECBC പ്രകാരം നിർമ്മിച്ച കെട്ടിടങ്ങൾ പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്നതിന് BEEE (Building Energy Efficiency Experts) എന്ന ഒരു കേഡറിനെ എംപാനൽ ചെയ്യുകയും ചെയ്തു. ഇതിന്റെ ഭാഗമായി 5 പേരടങ്ങുന്ന BEEE ആദ്യ ബാച്ച് തയ്യാറായി. തിരുവനന്തപുരം ജില്ലയിലെ 10 ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ മൊത്തം 327 എൽ.ഇ.ഡി ട്യൂബ് ലൈറ്റുകൾ, 240 എൽ.ഇ.ഡി ബൾബ്, 145 സീലിംഗ് ഫാൻ എന്നിവ വിതരണം ചെയ്യുകയും, ആകെ 30049 യൂണിറ്റ് ഊർജ്ജ ലാഭം ഉണ്ടാക്കുകയും ചെയ്തു. ചൈതന്യം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയവ സ്ഥാപിച്ചിട്ടുണ്ട്. കേരള സർക്കാർ ഫണ്ടിൽ നിന്നും ഒരു കോടി രൂപ വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. ഇതുകൂടാതെ ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ, ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കളമശ്ശേരി, ജനറൽ ഹോസ്പിറ്റൽ, പാല എന്നിവിടങ്ങളിൽ ഊർജ്ജകാര്യക്ഷമമാക്കിയിട്ടുണ്ട്. ഡിസ്ട്രിക്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി, തിരുവനന്തപുരം എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന തിരഞ്ഞെടുത്ത ഹൗസ് ബോട്ടിലെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഊർജ്ജക്ഷമത കൂടിയ ലോവോൾട്ട് ഡി.സി ഉപകരണങ്ങൾ ഘടിപ്പിക്കുകയും സൗര വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന പദ്ധതി പൂർത്തീകരിച്ചു. കുട്ടനാട്, തൃശ്ശൂർ, പൊന്നാനി കോൾ നിലയങ്ങളിൽ ഉപയോഗിക്കുന്ന ഊർജ്ജ കാര്യക്ഷമത കുറഞ്ഞ പെട്ടിപറ പമ്പുകൾക്ക് പകരം ഉപയോഗിക്കുവാൻ സാധിക്കുന്ന ഊർജ്ജ കാര്യക്ഷമത കൂടിയ പമ്പുകൾ വികസി പ്പിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇ.എം.സി, പാലക്കാട് സ്ഥിതി ചെയ്യുന്ന FCRI, കേരള സർക്കാർ സ്ഥാപനമായ RAIDCO എന്നിവരും ചേർന്ന് സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് | (ബി) | ഈ സർക്കാരിന്റെ കാലത്ത് എനർജി മാനേജ്മെന്റ് |

| | | | |
|---|---|---|---|
| | ദേശീയ തലത്തിൽ എന്തെല്ലാം അംഗീകാരങ്ങളാണ് ലഭിച്ചതെന്ന് അറിയിക്കാമോ? | | സെന്ററിന് ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്ക് 5 തവണ ഊർജ്ജസംരക്ഷണ അവാർഡ് ലഭിച്ചിട്ടുണ്ട്. 2018-ൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി തയ്യാറാക്കിയ ഊർജ്ജ കാര്യക്ഷമത സൂചികയിൽ കൂടുതൽ പോയിന്റ് നേടി കേരളത്തിന് ഒന്നാം സ്ഥാനത്തെത്തുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ